**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2651** **17-03-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി.യുടെ സ്ഥലം പാട്ടത്തിന് നൽകൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ** | | **null**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ഇ.ബി.യുടെ സ്ഥലം വാണിജ്യ ആവശ്യത്തിന് പാട്ടത്തിന് നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | പാട്ടത്തിന് നൽകിയിട്ടുണ്ട്. ഹൈഡൽ ടൂറിസം പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി വിവിധ ടൂറിസം പദ്ധതികൾക്കായി സഹകരണസംഘങ്ങൾക്ക് 35 ഏക്കർ 73.7 സെൻറ് നൽകിയിട്ടുണ്ട്. കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ അനുമതിയോടുകൂടി രണ്ട് സഹകരണസംഘങ്ങൾക്കായി 25 ഏക്കർ സ്ഥലം വരുമാനം പങ്കിടൽ വ്യവസ്ഥയിൽ നൽകിയിട്ടുണ്ട്. കെ.എസ്.ഇ.ബി.യുടെ ബോർഡ് ഉത്തരവ് പ്രകാരം കല്ലാർകുട്ടി ഡാമിൽ ബോട്ടിംഗ് പ്രവർത്തനങ്ങൾക്കായി മാത്രം ഒരു സഹകരണസംഘത്തിന് അനുമതി നൽകിയിട്ടുണ്ട്. ഹൈഡൽ ടൂറിസം ഗവേണിംഗ് ബോഡിയുടെ അനുമതിയോടുകൂടി 10 ഏക്കർ 73.7 സെൻറ് സ്ഥലം വരുമാനം പങ്കിടൽ വ്യവസ്ഥയിൽ വിവിധ സൊസൈറ്റികൾക്ക് നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ എത്ര സ്ഥലം എവിടെയൊക്കെ നൽകിയിട്ടുണ്ടെന്നും ആർക്കൊക്കെ നൽകിയിട്ടുണ്ടെന്നും ഓരോ സ്ഥലത്തിനും പാട്ടത്തുക ഇനത്തിൽ എത്ര തുക ലഭിക്കുന്നുണ്ടെന്നും ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | റെഗുലേറ്ററി കമ്മീഷന്റെ അനുമതി ഇല്ലാതെ സ്വകാര്യ ഉല്പാദകരിൽ നിന്ന് വൈദ്യുതി വാങ്ങാനുള്ള 25 വർഷത്തെ കരാറിൽ ഏർപ്പെട്ടതിനാൽ 15,000 കോടി രൂപയുടെ അധിക ബാധ്യത ഉണ്ടായതായി കണ്ടെത്തിയിട്ടില്ല. റെഗുലേറ്ററി കമ്മീഷൻ അനുവദിക്കാതിരുന്ന 2014-15 കാലയളവിൽ ഒപ്പ് വച്ച 4 കരാറുകളിൽ 800 കോടി രൂപയുടെ അധിക ചെലവ് ഉണ്ടാക്കുന്നതായി സി.എ.ജി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. |
| (സി) | റെഗുലേറ്ററി കമ്മീഷന്റെ അനുമതിയില്ലാതെ സ്വകാര്യ ഉല്പാദകരിൽ നിന്ന് വൈദ്യുതി വാങ്ങുവാനുള്ള 25 വർഷത്തെ കരാറിൽ ഏർപ്പെട്ടതിനാൽ 15,000 കോടി രൂപയുടെ അധിക ബാദ്ധ്യതയുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | റെഗുലേറ്ററി കമ്മീഷന്റെ അനുമതി ഇല്ലാതെ സ്വകാര്യ ഉല്പാദകരിൽ നിന്ന് വൈദ്യുതി വാങ്ങാനുള്ള 25 വർഷത്തെ കരാറിൽ ഏർപ്പെട്ടതിനാൽ 15,000 കോടി രൂപയുടെ അധിക ബാധ്യത ഉണ്ടായതായി കണ്ടെത്തിയിട്ടില്ല. റെഗുലേറ്ററി കമ്മീഷൻ അനുവദിക്കാതിരുന്ന 2014-15 കാലയളവിൽ ഒപ്പ് വച്ച 4 കരാറുകളിൽ 800 കോടി രൂപയുടെ അധിക |

| | | | |
|---|---|---|---|
| | | | ചെലവ് ഉണ്ടാക്കുന്നതായി സി.എ.ജി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കരാർ അടിയന്തരമായി റദ്ദാക്കണമെന്ന് കേന്ദ്ര വൈദ്യുതി മന്ത്രാലയത്തിന്റെ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഡി) | പ്രസ്തുത കരാർ അടിയന്തരമായി റദ്ദാക്കണമെന്ന് കേന്ദ്ര വൈദ്യുതി മന്ത്രാലയത്തിന്റെ നിർദേശം ലഭിച്ചിട്ടില്ല. എന്നാൽ കേരള സർക്കാരോ, കെ.എസ്.ഇ.ബി.ലിമിറ്റഡോ കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷനുമായി ബന്ധപ്പെട്ട് അംഗീകാരം ലഭിക്കാത്ത കരാറുകളുടെ അംഗീകാരത്തിന് വേണ്ട നടപടികൾ കൈക്കൊള്ളുവാനാണ് നിർദേശിച്ചത്. അതിൻ പ്രകാരം, കേരള സർക്കാർ അഡീഷണൽ ചീഫ് സെക്രട്ടറി (ഫിനാൻസ്), പ്രിൻസിപ്പൽ സെക്രട്ടറി (പവർ), സെക്രട്ടറി (നിയമം), ചെയർമാൻ & മാനേജിങ് ഡയറക്ടർ കെ. എസ്. ഇ. ബി.എൽ എന്നിവർ അംഗങ്ങളായിട്ടുള്ള ഒരു കമ്മിറ്റി രൂപീകരിച്ചു. കെ.എസ്.ഇ.ബി.എൽ 2014-15 കാലയളവിൽ ഏർപ്പെട്ട DBFOO പ്രകാരമുള്ള ദീർഘകാല കരാർ പരിശോധിച്ചു. Standard billing documents - ൽ നിന്നും വന്ന വ്യതിയാനങ്ങൾ സംസ്ഥാന ഗവൺമെൻറ് അംഗീകരിക്കേണ്ടതില്ല എന്നും ശുപാർശ ചെയ്തിട്ടുണ്ട്. കമ്മിറ്റിയുടെ ശുപാർശയിന്മേൽ സർക്കാർ തീരുമാനം എടുക്കുന്ന മുറയ്ക്ക് വൈദ്യുതിബോർഡ് സംസ്ഥാന റെഗുലേറ്ററി കമ്മീഷനെ തീരുമാനത്തിനായി സമീപിക്കുന്ന താണ്. |

സെക്ഷൻ ഓഫീസർ

Annexure A&B

| വരുമാനം പങ്കിടൽ വ്യവസ്ഥയിൽ വാണിജ്യാവശ്യങ്ങൾക്ക് നൽകിയിട്ടുള്ളവ | | | | |
|---|---|---|---|---|
| 1 | പൊൻമുടി ഡാം പ്രദേശം | രാജാക്കാട് സർവ്വീസ് സഹകരണ ബാങ്ക് | 20 % | 21 ഏക്കർ |
| 2 | ശെങ്കുളം ഡാം പ്രദേശം | എല്ലക്കൽ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ.284 | 21 % | 4 ഏക്കർ |
| 3 | മൂന്നാർ ഹൈഡൽ പാർക്ക് | മൂന്നാർ സർ വ്വീസ് സഹകരണ ബാങ്ക് | 10% | 400 മീറ്റർ |
| 4 | മൂന്നാർ ഹൈഡൽ പാർക്ക് | മൂന്നാർ സർ വ്വീസ് സഹകരണ ബാങ്ക് | 21 % | 4 ഏക്കർ |
| 5 | ആനയിറങ്ക ൽ ഡാം പ്രദേശം | സ്പർശം ചാരിറ്റബിൾ സൊസൈറ്റി, പെരുമ്പാവൂർ | 22 % | 6000 സ് ക്വ.ഫീ |
| 6 | മാട്ടുപ്പെട്ടി ഡാം പ്രദേശം | ഈസ്റ്റേൺ ടൂറിസം ഡെവലപ് മെന്റ് സൊസൈറ്റി ലിമിറ്റഡ് നമ്പർ.572 | 7% | 6 ഏക്കർ 60 സെന്റ് |
| **മാസവാടക വ്യവസ്ഥയിൽ വാണിജ്യാവശ്യങ്ങൾക്ക് നൽകിയിട്ടുള്ളവ** | | | | |
| 1 | മൂന്നാർ ഹൈഡൽ പാർക്കിൽ | കൈരളി ടൂറിസം സഹകരണ സംഘം ഐ 744 അടിമാലി | 20,250/- രൂപ | 102.24 മീ.സ് ക്വ. |
| 2 | മൂന്നാർ ഹൈഡൽ പാർക്കിൽ | മൂന്നാർ ടൂറിസം ആന്റ് എൻ വയോൺ മെന്റൽ ഡെവലപ് മെന്റ് സഹകരണ സൊസൈറ്റി ലിമിറ്റഡ് നമ്പർ.726 | 23,500/- രൂപ | 1024.14 മീ.സ് ക്വ. |
| 3 | ആനയിറങ്ക ൽ ഡാം പ്രദേശം | സ്പർശം ചാരിറ്റബിൾ സൊസൈറ്റി, പെരുമ്പാവൂർ | 25,000/- രൂപ | 70.74 മീ.സ് ക്വ. |